LIBRARY ARCHIVES Kerala Legislative Assembly

നോട്ടറി പബ്ലിക്കായി നിയമിക്കുന്നതിനുള്ള മാനദണ്ഡം

33 [3204] ശ്രീ. കെ. പി മോഹനൻ:

ഡോ. എ. നിലലോഹിതദാസൻ നാടാർ:

ശ്രീ. എ. സി. ഷൺമുഖദാസ്:

ഡോ. കെ. സി. ജോസഫ്:

ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര നോട്ടറി പബ്ലിക്കുകളാണ് ഇപ്പോൾ ഉള്ളതെന്ന് ജില്ല തിരിച്ചുള്ള ലിസ്റ്റ് നൽകുമോ;

(ബി) നോട്ടറി പബ്ലിക്കായി നിയമിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്തെല്ലാമാണ് എന്ന് വെളിപ്പെടുത്തുമോ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിന്റെ ലിസ്റ്റ് ജില്ല തിരിച്ച് നൽകാമോ?

ഉത്തരം

(എ) 757.

തിരുവനന്തപുരം	..	148
കൊല്ലം	..	61
പത്തനംതിട്ട	..	39
ആലപ്പുഴ	..	56
കോട്ടയം	..	53
ഇടുക്കി	..	18
എറണാകുളം	..	146
തൃശ്ശൂർ	..	46
മലപ്പുറം	..	32
കോഴിക്കോട്	..	68
പാലക്കാട്	..	22
വയനാട്	..	18
കണ്ണൂർ	..	39
കാസർഗോഡ്	..	11

(ബി) 1956-ലെ നോട്ടറീസ് ചട്ടങ്ങളിലെ 3-ാം ചട്ടം പ്രകാരം താഴെപറയുന്ന യോഗ്യതയുള്ളവരെ നോട്ടറിമാരായി നിയമിക്കാവുന്നതാണ്.

അഭിഭാഷകനായി ചുരുങ്ങിയത് 10 വർഷത്തെ പ്രവൃത്തി പരിചയം.

അല്ലെങ്കിൽ

ചുരുങ്ങിയത് 7 വർഷത്തെ പ്രവൃത്തിപരിചയമുള്ള സ്ത്രീകൾ, പട്ടികജാതി, പട്ടികവർഗ്ഗ, മറ്റു പിന്നോക്ക വിഭാഗക്കാർ.

അല്ലെങ്കിൽ

കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ഇൻഡ്യൻ ലീഗൽ സർവ്വീസിൽ അംഗമായിരുന്ന വ്യക്തി.

അല്ലെങ്കിൽ

കുറഞ്ഞത് 10 വർഷമെങ്കിലും ജുഡീഷ്യൽ സർവ്വീസിൽ അംഗമായോ അല്ലെങ്കിൽ അഭിഭാഷകനായി എൻറോൾ ചെയ്ത ശേഷം കേന്ദ്ര സർക്കാരിന്റെയോ, സംസ്ഥാന സർക്കാരിന്റേയോ കീഴിൽ നിയമത്തിൽ പ്രത്യേക പരിജ്ഞാനം ആവശ്യമുള്ള ഒരു പദവി വഹിച്ചിരുന്നതോ അല്ലെങ്കിൽ സായുധ സേനയിൽ ജഡ്ജ്, അഡ്വക്കേറ്റ് ജനറലിന്റെ വകുപ്പിലോ, നിയമവകുപ്പിലോ ഏതെങ്കിലും പദവി വഹിച്ചിരുന്നതോ ആയ ഒരു വ്യക്തി.

(സി) 9-5-2001-ന് ശേഷം സർക്കാർ നടത്തുന്ന നോട്ടറിമാരുടെ നിയമനവും പുനർ നിയമനവുംകൂടി 375 എണ്ണം അധികരിക്കുവാൻ പാടില്ല. 374 പുനർ നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

(ഡി) തിരുവനന്തപുരം	..	78
കൊല്ലം	..	28
പത്തനംതിട്ട	..	27
ആലപ്പുഴ	..	28
കോട്ടയം	..	30
ഇടുക്കി	..	11
എറണാകുളം	..	61
തൃശ്ശൂർ	..	20
മലപ്പുറം	..	14
കോഴിക്കോട്	..	27
പാലക്കാട്	..	12
വയനാട്	..	7
കണ്ണൂർ	..	22
കാസർഗോഡ്	..	9

LIBRARY ARCHIVES Kerala Legislative Assembly